**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 703** **30-01-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലൈനുകൾ വലിയ്ക്കുമ്പോൾ അഡ്വാൻസ് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.- എസ്.ഡി.എഫ്., എം.എൽ.എ.- എ.ഡി.എഫ്.എന്നീ ഫണ്ടുകൾ ഉപയോഗിച്ച് വൈദ്യുതി ലൈനുകൾ വലിയ്ക്കുന്നതിനുള്ള പ്രൊപ്പോസലുകളിൽ അഡ്വാൻസ് നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ അഡ്വാൻസ് അനുവദിയ്ക്കാതെ തന്നെ അത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് കെ.എസ്.ഇ.ബി. സഹായകരമായ നിലപാട് സ്വീകരിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ഇ.ബി.എൽ. ലൈസൻസി എന്ന നിലയ്ക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നത് കെ. എസ്. ഇ. ആർ.സി. പുറപ്പെടുവിച്ചിട്ടുള്ള Supply code 2014 അനുസരിച്ചാണ്. Supply Code റെഗുലേഷൻ 32, 37 പ്രകാരം, വൈദ്യുതി ലൈനുകൾ വലിക്കേണ്ടി വരുന്ന ചെലവ് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ മുൻകൂറായി അടയ്ക്കേണ്ടതാണ്. ഏതെങ്കിലും വിഭാഗത്തിനെ ചെലവ് വഹിക്കുന്നതിൽ നിന്നും ഒഴിവാക്കണമെങ്കിൽ ടി ചെലവ് സർക്കാർ മുൻകൂറായി ലൈസൻസിക്ക് നൽകാനും Supply code 2014 വ്യവസ്ഥ ചെയ്യുന്നു.<br><br>എം.എൽ.എ - എസ്.ഡി.എഫ്, എം.എൽ. എ - എ.ഡി.എഫ്. ഫണ്ടുകൾ ഉപയോഗിച്ച് വൈദ്യുതി ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കും മേൽ സപ്ലൈ കോഡ് റെഗുലേഷനുകൾ ബാധകമാണ്. അതിനാൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിനു ശേഷം മാത്രം തുക അനുവദിക്കുന്ന തരത്തിൽ പ്രവൃത്തി ഏറ്റെടുത്തു നടത്താൻ കെ.എസ്.ഇ.ബി.എൽ.-നു നിലവിൽ സാധിക്കുകയില്ല .<br><br>കൂടാതെ 29.12.2017-ലെ ഗവണ്മെന്റ് ഉത്തരവ് പ്രകാരം എം.എൽ.എ - എസ്.ഡി.എഫ് പദ്ധതികളിൽ ഉൾപ്പെട്ട, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് കെ.എസ്. ഇ.ബി.എൽ.-നു മുൻകൂറായി തുക അനുവദിക്കാമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (ബി) | ഇത്തരം പ്രവൃത്തികൾ പൂർത്തിയാക്കിയതിന് ശേഷം മാത്രം തുക അനുവദിക്കുന്ന തരത്തിൽ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കെ.എസ്.ഇ.ബി.എൽ. ലൈസൻസി എന്ന നിലയ്ക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നത് കെ. എസ്. ഇ. ആർ.സി. പുറപ്പെടുവിച്ചിട്ടുള്ള Supply code 2014 അനുസരിച്ചാണ്. Supply Code റെഗുലേഷൻ 32, 37 പ്രകാരം, വൈദ്യുതി ലൈനുകൾ വലിക്കേണ്ടി വരുന്ന |

| | | | |
|---|---|---|---|
| | | | ചെലവ് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ മുൻകൂറായി അടയ്ക്കേണ്ടതാണ്. ഏതെങ്കിലും വിഭാഗത്തിനെ ചെലവ് വഹിക്കുന്നതിൽ നിന്നും ഒഴിവാക്കണമെങ്കിൽ ടി ചെലവ് സർക്കാർ മുൻകൂറായി ലൈസൻസിക്ക് നൽകാനും Supply code 2014 വ്യവസ്ഥ ചെയ്യുന്നു.<br><br>എം.എൽ.എ - എസ്.ഡി.എഫ്, എം.എൽ. എ - എ.ഡി.എഫ്. ഫണ്ടുകൾ ഉപയോഗിച്ച് വൈദ്യുതി ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കും മേൽ സപ്ലൈ കോഡ് റെഗുലേഷനുകൾ ബാധകമാണ്. അതിനാൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിനു ശേഷം മാത്രം തുക അനുവദിക്കുന്ന തരത്തിൽ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ കെ.എസ്.ഇ.ബി.എൽ.-നു നിലവിൽ സാധിക്കുകയില്ല .<br><br>കൂടാതെ 29.12.2017-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം എം.എൽ.എ - എസ്.ഡി.എഫ് പദ്ധതികളിൽ ഉൾപ്പെട്ട, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് കെ.എസ്. ഇ.ബി.എൽ.-നു മുൻകൂറായി തുക അനുവദിക്കാമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ